# ജോലിസ്ഥലത്തെ ആരോഗ്യവും സുരക്ഷയും - ശാരീരിക അകലം

ശാരീരിക അകലം പാലിക്കാതെ ജോലി ചെയ്യുന്നത് കോവിഡ്-19 വൈറസുമായി സമ്പർക്കത്തിൽ ഏർപ്പെടാനുള്ള സാധ്യത വർദ്ധിപ്പിക്കുന്നു.

ജോലിസ്ഥലങ്ങളിൽ പണിയെടുക്കുനവർ ഉൾപ്പെടെയുള്ള എല്ലാവർക്കുമുള്ള, ആരോഗ്യവുമായി ബന്ധപ്പെട്ട നിലവിലെ ഉപദേശം, സാധ്യമാകുന്നിടത്തെല്ലാം, ശാരീരിക അകലം പാലിക്കൽ നടപടികൾ നടപ്പിലാക്കണം എന്നതാണ്.

കോവിഡ്-19 മായി ബന്ധപ്പെട്ട ആരോഗ്യവും സുരക്ഷയും ആയി ബന്ധപ്പെട്ട കാര്യങ്ങളിൽ നിങ്ങൾ ജോലിക്കാരുമായും ആരോഗ്യവും സുരക്ഷയും ആയി ബന്ധപ്പെട്ട പ്രതിനിധികളുമായും കൂടിയാലോചിക്കണം.

ശാരീരിക അകലം പാലിക്കൽ എന്നാൽ എന്താണ്**?**

സാധ്യമാകുന്നിടത്ത് എല്ലാവരും മറ്റുള്ളവരിൽ നിന്ന് (സ്വന്തം കുടുംബത്തിന് പുറത്ത്) കുറഞ്ഞത് 1.5 മീറ്ററെങ്കിലും അകലം പാലിക്കണം.

ഒരു സമയം ജോലിസ്ഥലത്ത് മൊത്തം എത്ര ആളുകൾ ഉണ്ടാകാമെന്ന കാര്യത്തിൽ ചില സംസ്ഥാനങ്ങളിലും പ്രദേശങ്ങളിലും നിയന്ത്രണങ്ങൾ ഉണ്ടാകാം.

തൊഴിലുടമകൾക്ക് ജോലിസ്ഥലത്ത് എന്തൊക്കെ ശാരീരിക അകലം പാലിക്കൽ നടപടികൾ നടപ്പിലാക്കാൻ കഴിയും**?**

## ലേഔട്ട്

ശാരീരിക അകലം പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് നിങ്ങൾ ജോലിസ്ഥലത്തെ ലേഔട്ടും നിങ്ങളുടെ വർക്ക്ഫ്ലോകളും പുനർരൂപകൽപ്പന ചെയ്യേണ്ടതുണ്ട്. ദൂരം പാലിക്കൽ ആവശ്യകതകൾ ആളുകൾക്ക് മനസ്സിലാക്കിക്കൊടുക്കുന്നതിന് തറയിലോ ചുവരിലോ അടയാളങ്ങൾ സ്ഥാപിക്കുന്നത് പരിഗണിക്കുക.

ജോലിസ്ഥലത്തിന്റെ ഭൗതിക ലേഔട്ട് മാറ്റുന്ന കാര്യം പരിഗണിക്കുകയാണെങ്കിൽ, സാധാരണ ജോലി സാഹചര്യങ്ങളിലും അടിയന്തിര സാഹചര്യങ്ങളിലും ജോലിസ്ഥലത്ത് പ്രവേശിക്കാനും പുറത്തുകടക്കാനും സുരക്ഷിതമായി സഞ്ചരിക്കാനും നിങ്ങളുടെ ജോലിക്കാരെ അനുവദിക്കുന്ന തരത്തിലായിരിക്കണം ലേഔട്ട്.

## മീറ്റിംഗുകളും പരിശീലനവും

ജോലിക്കാരുടെ ഒത്തുചേരലുകൾ ആവശ്യമായ സാഹചര്യങ്ങളിൽ, ടെലി കോൺഫറൻസിംഗോ വീഡിയോ കോൺഫറൻസിംഗോ പോലുള്ള മുഖാമുഖമല്ലാത്ത മാർഗ്ഗങ്ങൾ ഉപയോഗിക്കുക.

മുഖാമുഖമല്ലാത്ത മാർഗ്ഗങ്ങൾ സാധ്യമല്ലെങ്കിൽ, മീറ്റിംഗ് സമയവും ആളുകളുടെ എണ്ണവും പരിമിതപ്പെടുത്തുക.

ആളുകൾ തമ്മിൽ കുറഞ്ഞത് 1.5 മീറ്റർ അകലം ഉണ്ടെന്ന് ഉറപ്പാക്കുക. ജോലിസ്ഥലത്തിന്റെ ഉള്ളിലാണെങ്കിൽ, വേണ്ടത്ര വായുസഞ്ചാരമുണ്ടെന്ന് ഉറപ്പാക്കുക.

## ജോലിസ്ഥലത്തെ സംവിധാന സൗകര്യങ്ങൾ

ഫർണിച്ചറുകൾ തമ്മിൽ നല്ല അകലം ഉണ്ടെന്ന് ഉറപ്പാക്കുക, നിശ്ചിത സമയത്ത് ജോലിക്കാർ പൊതു ഇടങ്ങൾ ഉപയോഗിക്കുന്ന, നീണ്ടുനിൽക്കുന്ന ഭക്ഷണ ഇടവേളകൾ പോലുള്ള സമയങ്ങളിൽ ജോലിക്കാരുടെ എണ്ണം കുറയ്ക്കുക.

ലിഫ്റ്റുകളിൽ, സാധ്യമെങ്കിൽ, ജോലിക്കാർ 1.5 മീറ്റർ അകലം പാലിക്കുന്നുവെന്ന് ഉറപ്പാക്കുക.

ശാരീരിക അകലം പാലിക്കുന്നതുമായി ബന്ധപ്പെട്ട അടയാളങ്ങൾ സ്ഥാപിക്കുക. സേഫ് വർക്ക് ഓസ്ട്രേലിയ വെബ്സൈറ്റിൽ ഇത്തരം നിരവധി പോസ്റ്ററുകളിലേക്കും സാധനസാമഗ്രികളിലേക്കും ലിങ്കുകൾ നൽകിയിട്ടുണ്ട്

പ്രത്യേക സംവിധാന സൗകര്യങ്ങൾ നൽകുന്ന കാര്യം പരിഗണിക്കുക, ഉദാഹരണത്തിന് ജോലിക്കാർക്കും സന്ദർശകർക്കും പ്രത്യേക ബാത്ത്റൂമുകൾ ഏർപ്പെടുത്തുക.

## ഡെലിവറികളും കരാറുകാരും സന്ദർശകരും

ഓൺസൈറ്റിൽ ആയിരിക്കെ പാലിക്കേണ്ട ആവശ്യകതകൾ എന്തൊക്കെയാണെന്നതിനെ കുറിച്ച് ജോലിസ്ഥലത്തുള്ള എല്ലാവർക്കും വ്യക്തമായ നിർദ്ദേശങ്ങൾ നൽകുക. ഉദാഹരണത്തിന്, വാഹനങ്ങളിൽ തന്നെ തുടരുന്നതും ബന്ധപ്പെടാൻ മൊബൈൽ ഫോൺ ഉപയോഗിക്കുന്നതും ഇലക്ട്രോണിക് പേപ്പർവർക്കുകൾ ഉപയോഗിക്കുന്നതും പോലുള്ള നിദ്ദേശങ്ങൾ.

ഡെലിവറികളുമായും കരാറുകാരുമായും ഇടപെടുന്ന ജോലിക്കാരുടെ എണ്ണം കുറയ്ക്കുക. ഡെലിവറികൾ കൈകാര്യം ചെയ്തതിനുശേഷം കൈകൾ കഴുകുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടെന്നോ, സാധ്യമല്ലെങ്കിൽ, ആൽക്കഹോൾ അടിസ്ഥാനമാക്കിയുള്ള ഹാൻഡ് സാനിറ്റൈസർ ലഭ്യമാണെന്നോ ഉറപ്പാക്കുക.

## എന്റെ ജോലിക്കാർക്ക് ജോലി ചെയ്യുന്ന സമയത്ത് ശാരീരിക അകലം പാലിക്കാൻ കഴിയില്ല, ഇതിനർത്ഥം അവർ ജോലി ചെയ്യാൻ പാടില്ലെന്നാണോ?

ജോലിസ്ഥലത്ത് എല്ലായ്പ്പോഴും 1.5 മീറ്റർ അകലം പാലിക്കുന്നത് ജോലിക്കാർക്കും മറ്റുള്ളവർക്കും എല്ലാ സമയത്തും സാധ്യമാകണം എന്നില്ല.

ഇതാണ് സാഹചര്യമെങ്കിൽ, ജോലി പൂർത്തിയാക്കേണ്ടതുണ്ടോ എന്നോ ഈ ജോലി വേറൊരു സമയത്തേക്ക് മാറ്റിവയ്ക്കാൻ കഴിയുമോ എന്നോ പരിഗണിക്കുക.

ജോലി പൂർത്തിയാക്കേണ്ടതുണ്ടെങ്കിലും ജോലിക്കാർ അടുത്ത സമ്പർക്കം പുലർത്തേണ്ടെങ്കിലു, ആരോഗ്യവും സുരക്ഷയും ആയി ബന്ധപ്പെട്ട അപകടസാധ്യതകൾ ഇല്ലാതാക്കുന്നതിനോ കുറയ്ക്കുന്നതിനോ എന്തൊക്കെ ചെയ്യാനാകുമെന്ന് നിർണ്ണയിക്കാൻ തൊഴിലുടമകൾ ഒരു അപകടസാധ്യതാ വിലയിരുത്തൽ നടത്തണം.

അടുത്ത സമ്പർക്കം വേണ്ട ജോലികൾ ചെയ്യുന്നത് പ്രായോഗികവും സുരക്ഷിതവും ആകുന്നിടത്ത്, അത്തരം ജോലികളും പ്രക്രിയകളും അവലോകനം ചെയ്യുക. ജോലിക്കാർ

തമ്മിലുള്ള അകലം വർദ്ധിപ്പിക്കുന്നതിന് ഇത്തരം ജോലികൾ പരിഷ്ക്കരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുക.

ഇത് സാധ്യമല്ലാത്ത സാഹചര്യങ്ങളിൽ, ജോലിക്കാർ അടുത്ത സമ്പർക്കത്തിൽ വരുന്ന സമയം കുറയ്ക്കുകയും മറ്റ് നിയന്ത്രണ നടപടികൾ നടപ്പിലാക്കുകയും ചെയ്യുക.

ഉദാഹരണത്തിന്:

- ഏത് സമയത്തും ഒരു ഇടത്ത് ഉണ്ടാകാൻ സാധ്യതയുള്ള ആളുകളുടെ എണ്ണം പരിമിതപ്പെടുത്തുക
- വിശ്രമ വേളകൾ അനുവദിക്കുന്നത് വ്യത്യസ്ത സമയങ്ങളിൽ ആക്കുക
- ജോലികൾ ജോലിസ്ഥലത്തിന്റെ വേറെവേറെ ഭാഗങ്ങളിൽ ആക്കുക അല്ലെങ്കിൽ ഓഫ്സൈറ്റിലേക്ക് മാറ്റുക
- ഒരേ ഷിഫ്റ്റിലോ ഒരു പ്രത്യേക ഇടത്തിലോ പ്രവർത്തിക്കുന്ന ടീമുകളായി ജോലിക്കാരെ വേർതിരിക്കുക - ടീമുകൾക്ക് ഭക്ഷണം കഴിക്കുന്നതിന് അവരവരുടെ ഇടങ്ങളോ വിശ്രമ സംവിധാനങ്ങളോ നൽകാനാവുമോ എന്ന കാര്യം പരിഗണിക്കുക, ഒപ്പം
- എല്ലാ ജോലിക്കാർക്കും അവരുടേതായ എക്യുപ്മെന്റുകളോ ഉപകരണങ്ങളോ ഉണ്ടെന്ന് ഉറപ്പാക്കുക.

## തുടർന്നുകൊണ്ടിരിക്കുന്ന അവലോകനവും നിരീക്ഷണവും

മുൻകരുതലുകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും മുൻകരുതലുകൾ ഫലപ്രദമായി പരിപാലിക്കുന്നതിനും ശാരീരിക അകലം നിരീക്ഷിക്കുക, അവലോകനം ചെയ്യുക.

ശാരീരിക അകലം പാലിക്കുന്നത് ആരോഗ്യവും സുരക്ഷയും ആയി ബന്ധപ്പെട്ട പുതിയ അപകടസാധ്യതകൾ കൊണ്ടുവരുന്നുണ്ടെങ്കിൽ, അതായത് ഇത് ജോലിക്കാരുടെ ആശയവിനിമയത്തെ ബാധിക്കുകയോ ജോലി ചെയ്യുന്നതിനുള്ള ആളുകളുടെ ശേഷിയെ ബാധിക്കുകയോ ചെയ്യുന്നുണ്ടെങ്കിൽ, അത്തരം അപകടസാധ്യതകളും നിങ്ങൾ കൈകാര്യം ചെയ്യേണ്ടതുണ്ട്.

## കൂടുതൽ വിവരങ്ങൾ

കോവിഡ്-19-നെ കുറിച്ചും ജോലിസ്ഥലത്തെ ആരോഗ്യത്തെ കുറിച്ചും സുരക്ഷയെ കുറിച്ചുമുള്ള കൂടുതൽ വിവരങ്ങൾക്ക്, 'സേഫ് വർക്ക് ഓസ്ട്രേലിയ' എന്ന വെബ്സൈറ്റിലേക്ക് പോകുക.